ശ്രീ. കെ. എം. മാണി: Fast Track വന്നതിനുശേഷം വളരെ വേഗതയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. കെ.എസ്.ടി.പി.ക്ക് 172 segments ആണ് ആവശ്യം. അത് 325 കോടി രൂപയുടെ പ്രോജക്ടാണ്. അതിൽ ആദ്യത്തെ ഫേസ് എന്നു പറയുന്നത് 82 segments ആണ്. ആ 82 segments മാർച്ചുമാസത്തിൽ തന്നെ നമുക്ക് കൈമാറാൻ കഴിയുന്നതാണ്. ഇതിൽ 64 segment-ന്റെ സ്ഥലമെടുത്ത് കൊടുത്തു. അത് വലിയൊരു കാര്യമാണ്. 64 segment എന്നു പറയുമ്പോൾ 113 ഏക്കർ സ്ഥലം ഇപ്പോൾത്തന്നെ എടുത്തുകൊടുത്തു കഴിഞ്ഞിട്ടുണ്ട്. ബാക്കി 18 segment-ലാണ് ഇനി തീരുമാനമാകാനുള്ളത്. ആ 18 segment മാർച്ചുമാസത്തിൽ കൊടുക്കുന്നതോടുകൂടി ഫേസ് ഒന്ന് തീരും. അതുകഴിഞ്ഞാൽ ഫേസ് രണ്ടാണ്. ഫേസ് 2-ൽ 90 segment ആണ് ആകെയുള്ളത്. അതിൽ 12 segment-ന് 17 ഏക്കർ സ്ഥലം ഈ ഫെബ്രുവരിയിൽ ഏറ്റെടുത്തുകൊടുക്കും.

എസ്. എസ്. എൽ. സി. പരീക്ഷയുടെ കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷ

3 [*120] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ മത്തായി ചാക്കോ:
„ എ. കെ. ബാലൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. പരീക്ഷയുടെ കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷ നടത്തുന്നതിന് തയ്യാറാക്കിയ സോഫ്റ്റ്വെയറിന്റെ ഉപയോഗക്ഷമത സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരീക്ഷ നടത്തുന്നതിനായി പുതിയ സോഫ്റ്റ്വെയർ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിലുള്ള എക്സാം സോഫ്റ്റ്വെയർ തയ്യാറാക്കിയത് ഏത് കമ്പനിയാണ്; ഈ സോഫ്റ്റ്വെയർ മറ്റ് ഏതെല്ലാം പരിശോധനകൾക്ക് വിധേയമാക്കിയിട്ടുണ്ട്;

(സി) പരീക്ഷയ്ക്കുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുമ്പോൾ പരീക്ഷയുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത എക്സാം സോഫ്റ്റ്വെയർ തയ്യാറാക്കിയതിന് കമ്പനിക്ക് നൽകിയ പ്രതിഫലം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത എക്സാം സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് കമ്പനിയെ ചുമതലപ്പെടുത്തിയ തീരുമാനത്തിന് ഗവൺമെന്റിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, (എ) ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികൾ വിശദമായി പരിശോധിച്ചു. ഈ സോഫ്റ്റ്വെയർ ഇക്കഴിഞ്ഞ മാതൃകാ പരീക്ഷയ്ക്ക് ഉപയോഗിക്കുകയും ചെയ്തിരുന്നു. ഉപയോഗക്ഷമതയുടെ കാര്യത്തിൽ പ്രശ്നമൊന്നുമില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ഈ വർഷം മറ്റൊരു സോഫ്റ്റ് വെയർ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എറണാകുളത്തുള്ള ടീം-ഇ-ബിസ് എന്ന സ്ഥാപനമാണ് നിലവിലുള്ള എക്സാം സോഫ്റ്റ്വെയർ തയ്യാറാക്കിയത്. എൻ.ഐ.സി.-യുടെ സ്റ്റേറ്റ് ഇൻഫർമാറ്റിക്സ് ഓഫീസറുടെ നേതൃത്വത്തിൽ സർക്കാർ നിയോഗിച്ചിരുന്ന വിദഗ്ദ്ധ സമിതി, ഈ സോഫ്റ്റ് വെയർ പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ Standardisation Testing and Quality Control Lab-ന്റെ (SQC) പരിശോധനയും നടത്തിയിട്ടുണ്ട്.

(സി) ഐ. റ്റി. പ്രായോഗിക പരീക്ഷയിൽ യാതൊരു രഹസ്യസ്വഭാവവുമില്ല. ചോദ്യങ്ങളെല്ലാം തന്നെ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നവയാണ്. ഐ. റ്റി. പ്രായോഗിക പരീക്ഷയിൽ കുട്ടികളുടെ അറിവും ഓർമ്മയും അളക്കുന്നതിനുപകരം ഐ.റ്റി. നൈപുണ്യം (IT Skills) മാത്രമാണ് വിലയിരുത്തുന്നത്. പരീക്ഷ കഴിഞ്ഞയുടൻ തന്നെ കുട്ടിക്കും അദ്ധ്യാപകനും പരീക്ഷയിൽ ചെയ്ത പ്രവർത്തനങ്ങൾ ശരിയാണോയെന്ന് പരിശോധിക്കാനും അതനുസരിച്ച് ഫലം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് മനസ്സിലാക്കാനും സാധിക്കും. അതിനാൽ ഈ സോഫ്റ്റ്വെയർ, പരീക്ഷയുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നില്ല.

(ഡി) 9-ാം ക്ലാസ്സിലേക്കുള്ള നാലു ഭാഷകളിലുള്ള വിൻഡോസ് വേർഷൻ തയ്യാറാക്കിയതിന് 4.98 ലക്ഷം രൂപയും 10-ാം ക്ലാസ്സിലെ നാലു ഭാഷകളിലേക്കുള്ള വിൻഡോസ്-ലിനക്സ് വേർഷൻ തയ്യാറാക്കിയതിന് 6 ലക്ഷം രൂപയും കൂടി ആകെ 11 ലക്ഷം രൂപയാണ് പ്രതിഫലം.

(ഇ) വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും ധനകാര്യം, വിദ്യാഭ്യാസം, ഐ.റ്റി., പ്ലാനിംഗ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അംഗങ്ങളുമായിട്ടുള്ള ഐ.റ്റി.@ സ്കൂൾ നിർവ്വാഹക സമിതി അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. മത്തായി ചാക്കോ: സർ, S. S. L. C.-യുടെ ഭാഗമായ ഐ. റ്റി. പ്രാക്ടിക്കൽ പരീക്ഷ 9-ാം തീയതി തുടങ്ങുകയാണ്. 8-ാം ക്ലാസ്സിലും 9-ാം ക്ലാസ്സിലും ഒരു പഠനം നേരത്തേയുണ്ടായിരുന്നു. സാധാരണഗതിയിൽ എല്ലാ പരീക്ഷാ സമ്പ്രദായത്തിലും പൊതു പരീക്ഷ കഴിഞ്ഞിട്ട്, written exam കഴിഞ്ഞിട്ടാണ് പ്രാക്ടിക്കൽ പരീക്ഷ നടത്തുന്നത്. അതിന് നേരെ വിരുദ്ധമായ രൂപത്തിൽ അത് കൊണ്ടുവരികയും മറ്റും ചെയ്തത്, യഥാർത്ഥത്തിൽ ഗവൺമെന്റ് ഇതിന്റെ ഭാഗമായി ചില കമ്പനികളെ സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റമായിട്ടുള്ള ലിനെക്സ് ഓപ്പറേറ്റിംഗ് സിസ്റ്റത്തെ ഈ software examination-ൽ നിന്നും പൂർണ്ണമായും മാറ്റുന്നതിനും Microsoft-ന്റെ കുത്തക ഈ മേഖലയിൽ കൊടുക്കുന്നതിനും വേണ്ടിയുള്ള ഇടപെടലിന്റെ ഭാഗമായിട്ടല്ലേ ഇത്തരം അരാജകത്വമുണ്ടാകുന്നത്? പരീക്ഷാ സമ്പ്രദായങ്ങളെയാകെ കീഴ്മേൽ മറിച്ചുകൊണ്ട് ആദ്യം പ്രാക്ടിക്കൽ പിന്നെ പൊതു പരീക്ഷ എന്ന നിലയിലുള്ള സ്ഥിതിവന്നു. ഈ അരക്ഷിതാവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശ്രീ. മത്തായി ചാക്കോ പറയുന്നത് ശരിയല്ല. സംസ്ഥാനത്തെ ഐ.ടി.യുടെ പാഠ്യ ചരിത്രത്തിൽ നടാടെയാണ് പ്രാക്ടിക്കൽ പരീക്ഷ വരുന്നത്. പിന്നെ എങ്ങനെയാണ് പ്രായോഗിക പരീക്ഷ മുമ്പത്തേക്കാൾ വ്യത്യസ്ഥമാണെന്നു പറയുന്നത്? 9-ാം തീയതി മുതൽ 28-ാം തീയതിവരെയാണ് പരീക്ഷ വച്ചിട്ടുള്ളത്. ആദ്യമായി പ്രാക്ടിക്കൽ പരീക്ഷ വരികയാണ്, 25,000 കംപ്യൂട്ടറുണ്ട്, നാലേമുക്കാൽ ലക്ഷം കുട്ടികൾക്ക് അതിൽ ജോലി ചെയ്യാനുള്ളതാണ്. വേണ്ടത്ര ദിവസങ്ങൾ നമ്മുടെ മുമ്പിലുണ്ടാവുകയാണ്. സിസ്റ്റം കേടുവരാം, എന്തെങ്കിലും പ്രശ്നമുണ്ടാകാം. അതൊക്കെ കാലേക്കൂട്ടി കണ്ടുകൊണ്ടാണ് ആദ്യത്തെ പരീക്ഷണമെന്നുള്ള നിലയിൽ S.S.L.C. പരീക്ഷ വരുന്നതിനുമുമ്പുതന്നെ ദീർഘമായ സമയം ഇതിനുവേണ്ടി കൊടുത്തത്. അങ്ങയുടെ രണ്ടാമത്തെ ചോദ്യം ഈ കാര്യത്തിൽ ഏതെങ്കിലും കമ്പനിയെ സഹായിക്കാൻ നടപടിയെടുത്തോ എന്നാണ്— ഇല്ല. ഇതിന്റെ കാര്യങ്ങളെപ്പറ്റി വിശദമായി പറയാം. ഇത് ഏകപക്ഷീയമായെടുത്ത ഒരു തീരുമാനമല്ല. ഇതിലൊരു ചർച്ച വന്നു, ഈ പരീക്ഷ ഇപ്പോൾ എങ്ങനെ നടത്തും, 25,000 കംപ്യൂട്ടറുണ്ട്, നാലേമുക്കാൽ ലക്ഷം കുട്ടികളുണ്ട്. ഈ നാലേമുക്കാൽ ലക്ഷം കുട്ടികളെ വച്ച് നടത്തുന്ന പരീക്ഷയിൽ ഓരോ സ്ഥലത്തേക്കും ഓരോ സൂപ്പർവൈസർമാരെ അയച്ച് പരീക്ഷയുടെ റിസൽട്ട് വാങ്ങിയെടുക്കുക എന്നു പറയുന്നത് കഴിയുന്ന കാര്യമല്ല അതുകൊണ്ട് പ്രായോഗികമായി ഏറ്റവും നല്ലത് എന്നു തോന്നിയ സോഫ്റ്റ്വെയർ നടപ്പാക്കാൻ ഞങ്ങൾ തീരുമാനിച്ചു. ആ തീരുമാനമെടുത്തതിനുശേഷം ഇങ്ങനെയൊരു സോഫ്റ്റ്വെയർ ഉണ്ടാക്കാൻ ആരാണ് തയ്യാറെന്ന് ചോദിച്ച് letter of expression വിളിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പല കമ്പനികളും വന്നു. ആ കമ്പനികളുടെ പേര് സമയക്കുറവുകൊണ്ട് വായിക്കുന്നില്ല. 8 കമ്പനികൾ ഞങ്ങൾ തയ്യാറാണെന്നു പറഞ്ഞു. ആ 8 കമ്പനികളുടേയും ഓർഡർ വാങ്ങി. ഇതിലെന്താണ് ചെയ്യാൻ പോകുന്നത്, എങ്ങനെയാണ് അവർ സോഫ്റ്റ് വെയർ ഡെവലപ് ചെയ്യുന്നത് എന്നതിനെക്കുറിച്ച് നോക്കി. അതിനുമുമ്പുതന്നെ ഇന്ത്യൻ എക്സ്പ്രസ്സിലും മാതൃഭൂമി അടക്കമുള്ള പത്രങ്ങളിലും പരസ്യം കൊടുത്തു. വേറെ ആരെങ്കിലുമുണ്ടെങ്കിൽ എല്ലാവർക്കും കൊടുക്കാമെന്നു പറഞ്ഞു, അവരെല്ലാം തന്നു. തുടർന്ന് pre-qualification tender വിളിച്ചു. ഇതിനൊരു ടെക്നിക്കൽ കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി ഇതുമുഴുവൻ പരിശോധിക്കുകയും അതിന്റെ demonstration നടത്തിക്കുകയും ചെയ്തിട്ട് 16-2-2004-ൽ തന്നെ അത് അംഗീകരിച്ചു. എന്നിട്ട് തെരഞ്ഞെടുത്ത എറണാകുളം കമ്പനിക്ക് ഇത് ഡെവലപ് ചെയ്ത് കാര്യങ്ങൾ നീക്കിക്കൊള്ളാൻ കമ്മിറ്റി അനുവാദവും കൊടുത്തു. അതിനുശേഷം മൂന്നുപ്രാവശ്യം ട്രൈ ചെയ്തുനോക്കി. First term examination-ലും Second term examination-ലും മൂന്നാമത്തെ മോഡൽ പരീക്ഷയിലും നോക്കി. ഇതുമുഴുവൻ നോക്കിയിട്ട് ഒരു പരാതിയും ഇതിനെപ്പറ്റി വന്നില്ല. ഭംഗിയായി model examination കഴിഞ്ഞു. ഈ സോഫ്റ്റ്വെയറാണ് ഉപയോഗിച്ചത്. മാത്രമല്ല, ഇതിൽ confusion വന്നപ്പോൾ ഞങ്ങൾ പത്രസമ്മേളനം വിളിച്ചുകൂട്ടി. അതിൽ ലിനക്സ് വേർഷനും വിൻഡോസ് വേർഷനും എല്ലാ പത്രക്കാർക്കും കൊടുത്തു. എല്ലാവരും നോക്കട്ടെയെന്നു പറഞ്ഞു. ഇതുവച്ച് model examination നടത്തിയിട്ട് ഒരു പരാതിയുമില്ല. ഇത് ഞാനോ ശ്രീ. മത്തായി ചാക്കോയോ അല്ലല്ലോ പറയേണ്ടത്? ഇന്ത്യയിൽ ഇതുസംബന്ധിച്ച് ആധികാരികമായി മറുപടി പറയേണ്ട ഒരു ബോഡിയുണ്ട്. സോഫ്റ്റ് വെയറിന്റെ ഗുണത്തെപ്പറ്റി പറയേണ്ട ഇന്ത്യാ ഗവൺമെന്റിന്റെ ഒരു സ്ഥാപനമുണ്ട് അവർക്ക് റഫർ ചെയ്തു.

അവരുടെ സർട്ടിഫിക്കറ്റ് എന്റെ കൈയിലുണ്ട്. അവർ പറഞ്ഞത് perfectly alright എന്നാണ്. ഇതിനൊരു കുഴപ്പവുമില്ലെന്ന് അവർ സർട്ടിഫൈ ചെയ്തു എന്നുള്ളത് ഞാൻ ആധികാരികമായി ഈ സഭയിൽ പറഞ്ഞു. പിന്നെ എന്തുവേണം? ഇത് നമ്മുടെ കുട്ടികൾക്കു വേണ്ടിയാണ്. 760 മാർക്കാണ് S.S.L.C.ക്ക്. ഇതിന് 5 മാർക്കാണ്. 5 മാർക്കിന് 40 ചോദ്യങ്ങൾ കാലേക്കൂട്ടി കുട്ടികൾക്ക് കൊടുത്തിരിക്കുകയാണ്. പ്രസിദ്ധീകരിച്ച ആ 40 ചോദ്യങ്ങളിൽ 6 ചോദ്യങ്ങൾ പരീക്ഷയ്ക്കു വരും. ഈ 6 ചോദ്യത്തിൽ 2 ചോദ്യത്തിന് മറുപടി കൊടുത്താൽ മതി. ആ രണ്ടു മറുപടിക്ക് രണ്ടര മാർക്കുവീതമാണ്. ഇത്രയും സിമ്പിളായ ഒരു കാര്യം അവിടെവച്ച് അത് read ചെയ്ത് അതിന് മറുപടി കിട്ടാൻ ശ്രമിക്കുകയാണ് എന്നുള്ളതല്ലാതെ ഇത് കമ്പനിയെ സഹായിക്കാനാണോ? ഒരു സഹായവും അങ്ങനെയില്ല. അതിന്റെ കാര്യവുമില്ല. ഇനി ഇതിന്റെ background-ലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. യഥാർത്ഥ കാര്യങ്ങൾ ഭദ്രമായി നടക്കാൻ വേണ്ടി കൊണ്ടുവന്ന ഒരു സംവിധാനമാണ്, ഇതിൽ ഒരാളേയും പ്രത്യേകമായി വഴിവിട്ട് സഹായിക്കുന്ന പ്രശ്നമേയില്ല.

ശ്രീ. മത്തായി ചാക്കോ: ഐ. റ്റി. വിദ്യാഭ്യാസം ഹൈസ്ക്കൂളുകളിൽ ഏർപ്പെടുത്തുമ്പോൾ ഉണ്ടായിരുന്ന ധാരണ തന്നെ ഗവൺമെന്റ് പിൻതള്ളിക്കളഞ്ഞിരിക്കുകയാണ്. അതിന്റെ കരിക്കുലത്തിൽ തന്നെ വലിയ മാറ്റങ്ങൾ വരുത്തി. ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് SCERT ഡയറക്ടറുടെ ചുമതലയുണ്ടായിരുന്ന സുരേഷ്കുമാറിനെ ലോട്ടറി ഡയറക്ടറുടെ സ്ഥാനത്തു നിന്നും നേരത്തെ മാറ്റി. VHSE യുടെ ഡയറക്ടർ സ്ഥാനത്തു നിന്നും മാറ്റി. ഗവൺമെന്റിന് ഇഷ്ടമുള്ള, ഗവൺമെന്റ് പറയുന്നതുപോലെ ചെയ്യുന്ന വിനീത വിധേയരായിട്ടുള്ള ആളുകളെ മാത്രമേ ഈ സ്ഥാപനങ്ങളുടെ ഡയറക്ടർ സ്ഥാനത്തു നിയമിക്കുകയുള്ളുവെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. യഥാർത്ഥത്തിൽ സ്വതന്ത്ര ഓപ്പറേറ്റിംഗ് സിസ്റ്റമായിട്ടുള്ള Linux-നെ ഇവിടെ നിന്നും പൂർണ്ണമായും മാറ്റുന്നതിനുവേണ്ടി എറണാകുളത്തെ ടീം-ഇ-ബിസ് എന്നു പറയുന്ന സ്ഥാപനത്തിന് സോഫ്റ്റ്വെയർ തയ്യാറാക്കാൻ ഏൽപ്പിച്ചു. ആ സ്ഥാപനത്തിന് എന്തെങ്കിലും സവിശേഷതയുണ്ടോ? മൈക്രോസോഫ്ടിന്റെ ഹാർഡ് വെയർ മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന് സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ അയച്ചിട്ടുണ്ടോ? എങ്കിൽ ഇതൊന്നു വിശദമാക്കാമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഉദ്യോഗസ്ഥന്മാരുടെ മാറ്റത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ, administrative convenience-നുവേണ്ടി മാറ്റേണ്ടി വരും. അതിനുള്ള കാരണങ്ങളൊന്നും അസംബ്ളിയിൽ വിശദീകരിക്കേണ്ട ആവശ്യമില്ല. രണ്ടാമതായി ഈ കമ്പനിക്ക് ഒരു പ്രത്യേകതയുമില്ല. മറ്റൊന്ന് letter of expression വിളിച്ചപ്പോൾ എട്ടു കമ്പനികൾ വന്നു. അതിൽ ഓരോരുത്തരുടെയും പെർഫോമൻസ് നോക്കി, അവർ തയ്യാറാക്കിയ സോഫ്ട്വെയറും നോക്കി. ആ സോഫ്ട്വെയർ നോക്കിയപ്പോൾ ഇവരുടേത് വ്യക്തമായും നല്ലതാണെന്നു ബോദ്ധ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് SCERT-യിലേതടക്കമുള്ള ആളുകൾ പങ്കെടുത്ത യോഗത്തിൽ വച്ച് അംഗീകാരം കൊടുത്തു, തീരുമാനിച്ചു എന്നു മാത്രമേയുള്ളൂ. ഇവിടെയൊരു സ്വതന്ത്ര സോഫ്ട്വെയർ വിഭാഗത്തെ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള യാതൊരുവിധ നീക്കവുമുണ്ടായിട്ടില്ല. ഇവിടെ ശ്രീ. മത്തായി ചാക്കോ ചോദിച്ചു, ഒരു പ്രത്യേക കമ്പനിയുടെ കമ്പ്യൂട്ടർ സ്കൂളുകളിൽ വാങ്ങണമെന്ന് ഡി.പി.ഐ നിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്ന്. ഒരിക്കലും അങ്ങനെയൊരു നിർദ്ദേശവും

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടില്ല, ഒരു സർക്കുലറും കൊടുത്തിട്ടില്ല: ഞങ്ങൾ സ്കൂളുകൾക്ക് കൊടുത്തിട്ടുള്ള സർക്കുലറിന്റെ കോപ്പിയുണ്ട്. ഞങ്ങൾ പറയുന്നത് ഇന്നയിന്ന configuration ഉണ്ടായിരിക്കണം, minimum system requirement ഉണ്ടായിരിക്കണം. എന്നാണ്. എന്താണ് minimum system requirement? അങ്ങു സിന്റിക്കേറ്റിൽ വർക്കു ചെയ്ത ആളാണല്ലോ? നിങ്ങളൊരു കമ്പ്യൂട്ടറിൽ സി.ഡി. ഇട്ട് റീഡ് ചെയ്യാൻ ശ്രമിക്കുമ്പോൾ, എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക അല്ലെങ്കിൽ നിങ്ങൾ മറ്റൊരു സി.ഡി. ഇട്ടു വർക്കു ചെയ്യണമെങ്കിൽ minimum system requirement വേണം. അതിന് ഇത്ര സ്പീഡ് വേണമെന്നുണ്ട്. ഇത്ര മെമ്മറി പവർ വേണമെന്നുണ്ട്. ടെക്നോളജി മാറിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കണം. ഇതിൽ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യം എന്താണ്? ഇന്നയിന്ന കാര്യങ്ങൾ ഉണ്ടായാലേ ഇതു വർക്കു ചെയ്യുകയുള്ളൂ. പണ്ടത്തെ കമ്പ്യൂട്ടറിൽ സി.ഡി. റീഡ് ചെയ്യാൻ കഴിയില്ല. എൻസൈക്ലോപീഡിയ റീഡ് ചെയ്യാൻ പറ്റില്ല. IT enabled എഡ്യൂക്കേഷനിലേയ്ക്കാണല്ലോ നമ്മൾ പോകുന്നത്. പണ്ടു നമ്മൾ കമ്പ്യൂട്ടർ പഠിപ്പിക്കൽ മാത്രമാണ് ലക്ഷ്യമിട്ടിരുന്നത്. ഇപ്പോൾ അങ്ങനെയല്ല. Computer enabled എഡ്യൂക്കേഷനിലേക്കാണ് നമ്മൾ പോകുന്നത്. അതിനുവേണ്ട System update ചെയ്യണമല്ലോ? ഇന്നതൊക്കെ വേണമെന്ന് പറഞ്ഞ് ഞങ്ങൾ പ്രൈവറ്റ് മാനേജുമെന്റിനു സർക്കുലർ അയച്ചിട്ടുണ്ട്. സർക്കുലർ അയച്ചില്ലെങ്കിൽ അവർ ഉഴപ്പും. ഞങ്ങൾ കുറെ കമ്പ്യൂട്ടർ വാങ്ങി വച്ചിട്ടുണ്ട്, അതു ചെലവായിട്ടില്ല. അതുകൊണ്ട് പുതിയതു വാങ്ങില്ലെന്നു പറഞ്ഞാൽ എന്തു ചെയ്യും? അങ്ങനെ അവർക്കു തീരുമാനിക്കാൻ പറ്റുമോ? അവരെ വെറുതെ വിടാൻ പറ്റുമോ. അവർ ജോലി ചെയ്യണം. അവർ കമ്പ്യൂട്ടർ വാങ്ങണം. അവർ update ചെയ്യണം. അങ്ങനെയുള്ള സദുദ്ദേശം വച്ചുകൊണ്ടാണ് സർക്കുലർ കൊടുത്തത്. അല്ലാതെ ഇന്ന കമ്പനിയുടെ കമ്പ്യൂട്ടർ വാങ്ങണമെന്നു പറഞ്ഞ് ഒരു വരിപോലും ഞങ്ങൾ എഴുതിയിട്ടില്ല. എഴുതുന്ന പ്രശ്നവുമില്ല.

ശ്രീ. എ. കെ. ബാലൻ: കേരളത്തിലെ അഞ്ചു ലക്ഷം വിദ്യാർത്ഥികളുടെ താല്പര്യത്തിനുപകരം മൈക്രോസോഫ്ട് കമ്പനിയുടെ താല്പര്യം മാത്രമാണ് പരിഗണിക്കപ്പെടുന്നതെന്നാണ് രക്ഷകർത്താക്കളുടെ പൊതുവേയുള്ള അഭിപ്രായം. 760 മാർക്കിൽ അഞ്ചു മാർക്കു മാത്രമാണ് ഐ.ടി. പരീക്ഷയ്ക്കുള്ളത്. ഇപ്പോൾ ഐ.ടി. പരീക്ഷയുടെ നടത്തിപ്പിനാണ് അദ്ധ്യാപകർ നിയോഗിക്കപ്പെടുന്നത്. മറ്റു വിഷയങ്ങളിലെ പഠനം ഇപ്പോൾ സ്തംഭിച്ചിരിക്കുകയാണ്. ഭൂരിപക്ഷം അദ്ധ്യാപകരും soft exam duty-ക്ക് പോകാൻ നിർബന്ധിക്കപ്പെടുന്നതുകൊണ്ട് മറ്റു വിഷയങ്ങളിൽ താല്പര്യമുള്ളവർക്ക് പഠിപ്പിക്കാൻ കഴിയുന്നില്ല. ഇതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസം മൊത്തത്തിൽ അലങ്കോലപ്പെടുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ അദ്ധ്യാപകർ കമ്പ്യൂട്ടർ പഠിച്ചവരല്ല. പരീക്ഷക്ക് റീഡ് ചെയ്യണ്ടേ? അദ്ധ്യാപകർക്ക് ട്രെയിനിംഗ് കൊടുക്കുന്ന കാര്യത്തിൽ അവരെ ഇവിടെ വിളിച്ചു വരുത്തിയിട്ടു ഞങ്ങൾക്ക് എന്തു ക്രൂരവിനോദമാണ് ഉള്ളത്? അദ്ധ്യാപകരെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ് ട്രെയിനിംഗ് കൊടുക്കുന്നത്. ഈ അടുത്ത കാലം വരെ നമ്മുടെ രാജ്യത്ത് തുടർന്നു വന്നതിൽ നിന്നും വ്യത്യസ്തമായി ഒരു concept-ലേക്ക് രാജ്യം പോകുകയാണ്. അതനുസരിച്ച് അദ്ധ്യാപകനെ equip ചെയ്യാനാവശ്യമായ പരിശീലനം കൊടുത്തേ പറ്റൂ. അതു പൊതു വിദ്യാഭ്യാസത്തെ അല്പവും വിപരീതമായി ബാധിക്കുന്നതല്ല. നല്ല ഉദ്ദേശത്തോടുകൂടി ചെയ്യുന്ന നല്ലൊരു കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ബഹുമാനപ്പെട്ട മന്ത്രി അംഗീകരിച്ചാലും ഇല്ലെങ്കിലും അദ്ധ്യാപകർ ഇപ്പോൾ മൊത്തത്തിൽ മറ്റു വിഷയങ്ങളിൽ നിന്നും മാറിയിരിക്കുന്നു എന്നുള്ളത് ഒരു സത്യമാണ്. എന്റെ രണ്ടാമത്തെ ചോദ്യം soft exam പ്രവർത്തിപ്പിക്കാൻ, കമ്പ്യൂട്ടർ ഫോർമാറ്റു ചെയ്ത 'Microsoft Windows 98' എന്ന ഓപ്പറേറ്റിംഗ് സിസ്റ്റം സ്ഥാപിക്കാൻ, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് ഉത്തരവു കൊടുത്തിട്ടുണ്ടോ? ഈ ഉത്തരവിനു വിരുദ്ധമായി soft exam-ലും soft windows-ലും Linux-ലും തയ്യാറാക്കിയിട്ടുണ്ടോ? ഇതും കൂടി ഉപയോഗിക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ടോ? രണ്ട് അഭിപ്രായങ്ങളും പത്രങ്ങളിൽ വന്നതുകൊണ്ടാണ് ഞാൻ ഇപ്രകാരം ചോദിക്കാൻ നിർബന്ധിതനായത്. അതിൽ ഏതാണ് ശരി ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇതു സംബന്ധിച്ചു കൊടുത്തിട്ടുള്ള സർക്കുലർ പ്രകാരം ഇപ്പോൾ നടക്കാൻ പോകുന്ന പരീക്ഷയിൽ രണ്ടും ഉപയോഗിക്കാം. അതിന്റെ കോപ്പി നിങ്ങൾക്കു വേണമെങ്കിൽ നൽകാം. എസ്.എസ്.എൽ.സി. മോഡൽ പരീക്ഷയിൽ ആധികാരികമായി രേഖയിൽ പറഞ്ഞിരിക്കുന്നത് ചെയ്യാൻ വേണ്ടി പോകുന്ന, ഐ.ടി. പ്രായോഗിക ചോദ്യ ബാങ്കിൽ Linux open office, Windows open office, Windows MS Office, Linux version –ഉം ഉണ്ട്. അതേ സമയത്ത് Windows version-നും ഉണ്ട്. രണ്ടുമുണ്ട്. അടുത്ത അദ്ധ്യയന വർഷത്തിൽ ഏർപ്പെടുത്തേണ്ട കമ്പ്യൂട്ടർ എന്നു പറയുന്നത് ഈ configuration-ലെ computer ആണ്. അങ്ങനെ വന്നെങ്കിൽ മാത്രമേ നമുക്ക് ഉപയോഗിക്കാൻ കഴിയൂ. ഇപ്പോഴത്തേതിൽ ഇതു രണ്ടും ഉപയോഗിക്കാനുള്ള സൗകര്യം ഉണ്ട്. ലിനക്സ് ലിനക്സ് എന്നു എല്ലാവരും പറഞ്ഞു. ഞാൻ ചോദിക്കുന്നു, എന്തുകൊണ്ടാണ് ലിനക്സ് സോഫ്ട്‌വെയർ മാർക്കറ്റിൽ ഇറങ്ങിയിട്ട് പോപ്പുലറാകാത്തത്? 140 എം.എൽ.എ. മാർക്കും കമ്പ്യൂട്ടർ കൊടുത്തിട്ടുണ്ട്. ആരെങ്കിലും pre-loaded Linux കമ്പ്യൂട്ടറിൽ കൊടുത്തിട്ടുണ്ടോ? വടകര എം.എൽ.എ. ക്കും ശ്രീമതി പത്മജക്കും കൊടുത്തിട്ടുള്ള കമ്പ്യൂട്ടറിൽ pre-loaded Linux ഉണ്ട്. അതിന് അതിന്റേതായ ഡിഫക്ടുണ്ട്. ഡിഫക്ട് എന്നു പറഞ്ഞാൽ ഇതിനു ട്രെയിനിംഗ് കൊടുക്കാനുള്ള സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് വേണ്ടത്ര ഇല്ല. അതിനുള്ള ഫേമില്ല. Microsoft Windows കേടു വന്നാൽ കമ്പ്യൂട്ടർ നന്നാക്കുന്ന ആളുകളെ വിളിച്ച് റിപ്പെയർ ചെയ്യിക്കാം. ലിനെക്സിന് അതിനുള്ള സൗകര്യമൊന്നും വന്നിട്ടില്ല. എത്ര പേർ ഇന്നു ലിനക്സ് ഉപയോഗിക്കുന്നുവെന്ന് നിങ്ങൾ തന്നെ ചോദിച്ചു നോക്കൂ. എന്താണ് ലിനക്സ് ഉപയോഗിക്കാത്തത്? മന്ത്രി പറഞ്ഞാൽ ലിനക്സ് ഉപയോഗിച്ചുകൂടെ ഈ രാജ്യത്ത്? അതിനു അതിന്റേതായിട്ടുള്ള ഡിഫക്ട് ഉണ്ട്. ലിനെക്സ് എന്നു പറയുന്നത് ഒരു free software ആണ്. അതു different versions ആണ്. ഈ different versions ഉപയോഗിക്കുന്ന സമയത്ത് അതിൽ ആളുകൾക്ക് പരിചയമുണ്ടായിരുന്നില്ല. അതുകൊണ്ടാണ്. അല്ലാതെ ലിനക്സ് വേണ്ടെന്നു വിചാരിച്ചിട്ടല്ല. നമുക്ക് ലിനക്സിലേക്കു പോകണമെങ്കിൽ വേണ്ടത്ര പരിശീലനം കൊടുക്കണം. എന്നാൽ മാത്രമേ അതു വിജയിക്കുകയുള്ളൂ. അതല്ലാതെ നിങ്ങൾക്ക് മൈക്രോസോഫ്ട് വേണ്ട, നിങ്ങളെല്ലാവരും ലിനെക്സിലേക്കു പോകട്ടെ എന്നു ഒരു മന്ത്രി ഇവിടെ നിന്നും പറഞ്ഞാൽ നടക്കുന്ന കാര്യമാണോ? യാഥാർത്ഥ്യബോധത്തോടുകൂടി നമ്മൾ പ്രശ്നങ്ങളെ കണ്ടില്ലെങ്കിൽ അതു ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്.

ശ്രീ. പി. ടി. തോമസ്: 1999 ജൂൺ മാസം 9- ാം തീയതി ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണകാലത്താണ് IT @ school പരിപാടിയുമായി, മൈക്രോസോഫ്ടുമായി കരാർ വച്ചതെന്നാണ് ഞാൻ മനസ്സിലാക്കിയത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ സി-ഡിറ്റുമായി കരാർ ഒപ്പുവച്ചത് സി.പി.എം.ന്റെ നേതാവായ സഖാവ് പി. ഗോവിന്ദപിള്ളയാണ്. ഇപ്പോൾ കേരളത്തിലെ നാലര ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളെ ബാധിക്കുന്ന ഈ കമ്പ്യൂട്ടർ വിദ്യാഭ്യാസം അട്ടിമറിക്കാൻ KSGA ശ്രമിക്കുകയാണ്. ഇതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതു ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉപയോഗിക്കുന്ന മൈക്രോസോഫ്ട് കമ്പ്യൂട്ടറാണ്. (പേപ്പർ കട്ടിംഗ്സ് ഉയർത്തി കാട്ടി) പ്രതിപക്ഷ നേതാവ് ഉപയോഗിക്കുന്ന കമ്പ്യൂട്ടറിന്റെ പടം പത്രത്തിൽ വന്നതാണ്. വ്യാപകമായി ഇതു അട്ടിമറിക്കാൻ ശ്രമം നടക്കുകയാണ്. അതു തടയാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഏതു ഗവൺമെന്റാണ് ആദ്യമായിട്ട് ഐ.ടി.യെ സംബന്ധിച്ചുള്ള സർക്കുലർ അയച്ചത് എന്നതിനെ സംബന്ധിച്ച സർക്കുലർ എന്റെ കയ്യിലുണ്ട്. ഓപ്പൺ ഡോക്യുമെന്റാണ്. ആർക്കുവേണമെങ്കിലും കാണാം. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളം ഭരിക്കുന്ന സമയത്തിറക്കിയ ജി.ഒ. ആണ്. ഈ ജി.ഒ.യിൽ ഓരോ മേഖലയും ആരാണ് അറ്റന്റ് ചെയ്യേണ്ടതെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ആദ്യത്തെ ജി.ഒ. 6-10-2000-ൽ ആണ് ഇറങ്ങിയത്. അദ്ധ്യാപക പരിശീലനം, അതിനു ആളുകളുടെ പേരു പറഞ്ഞിട്ടുണ്ട്. ശ്രീ. സത്യപാലൻ, ഗോകുൽദാസ്..... തുടങ്ങിയവരുടെ പേരുകൾ പറഞ്ഞിട്ട് ഐറ്റം നമ്പർ 6-Representative from Intel Microsoft School Net Giva ഈ കമ്പനികളെ വർക്കിംഗ് ഗ്രൂപ്പിൽ ആദ്യമായി കൊണ്ടുവരുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ്. നിങ്ങൾ ചെയ്തത് തെറ്റാണെന്നു ഞാൻ പറയുന്നില്ല. നിങ്ങൾ ചെയ്തത് ശരിയായ കാര്യമാണ്. ആ ശരിയായ കാര്യത്തിന്റെ തുടർച്ചയാണ് ഞങ്ങൾ ചെയ്യുന്നത്. ഇവിടെ വിളിച്ചുകൊണ്ടുവന്ന് അദ്ധ്യാപകർക്ക് പരിശീലനം കൊടുത്തിട്ട് ഇപ്പോൾ അതു ശരിയല്ലെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത്? അന്നത്തെ പത്ര വാർത്തകൾ എന്റെ കയ്യിലുണ്ട്.

മി. സ്പീക്കർ: ചോദ്യോത്തര വേളയിൽ ആരോപണമുണ്ടാക്കുന്ന വിധമോ ദുരുദ്ദേശപരമോ ആയ ആരോപണങ്ങൾ ആരും ഉപയോഗിക്കരുത്. അങ്ങനെ വന്നാൽ അതു രേഖയിൽ കാണില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പ്രകൃതിക്ഷോഭ ദുരന്തത്തിന് ഇൻഷ്വറൻസ് പരിരക്ഷ

4 [*121] ശ്രീ. പി. ടി. തോമസ് :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, സി. പി. മുഹമ്മദ് :

,, കെ. സുധാകരൻ :

,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly